LIBRARY ARCHIVES Kerala Legislative Assembly

തിരുവല്ല കാവുംഭാഗം വില്ലേജിലെ നിലം നികത്ത്

141 (1184) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ലയിലെ കാവുംഭാഗം വില്ലേജിൽ ഇടിഞ്ഞില്ലത്ത് തണ്ടപ്പേരിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന 10 ഏക്കറോളം നിലം നികത്തുവാൻ ഉത്തരവ് നൽകിയത് സംബന്ധിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(ബി) റവന്യൂ വിജിലൻസ് നടത്തി വന്ന അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് കണ്ടെത്തലുകൾ ; വ്യക്തമാക്കാമോ ;

(സി) അന്വേഷണം എന്ന് ആരംഭിച്ചു ; എന്ന് പൂർത്തിയാക്കി ; അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവല്ലയിലെ കാവുംഭാഗം വില്ലേജിൽ ബ്ലോക്ക് നമ്പർ 7-ൽ റീസർവ്വേ നമ്പർ 167/3-1, 168/2, 168/3, 168/5, 167/4, 169/1, 169/2, 169/3, 170/1 എന്നിവയിൽപ്പെട്ട ഭൂമിയിൽ റോഡ് നിരപ്പിൽ നിന്നും താഴ്ന്നു കിടക്കുന്ന ഭാഗങ്ങൾ മാത്രം മണ്ണിട്ട് റോഡ് നിരപ്പിലേക്ക് ഉയർത്തുന്നതിന് തിരുവല്ല RDO 15-2-2014-ൽ A3-719/14-ാം നമ്പരായി അനുമതി നൽകിയിരുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട തിരുവല്ല എം.എൽ.എ അഡ്വ. മാത്യു. ടി തോമസ് 5-3-2014-ൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ പരാതി 10-3-2014-ൽ LR A1-10785/14 റവന്യൂ വിജിലൻസിലേക്ക് അന്വേഷണത്തിനായി അയച്ചിരുന്നതും RVC/A1-211/ 2014-ാം നമ്പരായി 21-4-2014 മുതൽ അന്വേഷണം ആരംഭിക്കുകയും RDO ഓഫീസിൽനിന്നും സീനിയർ സൂപ്രണ്ടിനെ തെളിവെടുപ്പിന് വിളിച്ചു വരുത്തി വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതുമാണ്. പത്തനംതിട്ട ജില്ലാ കളക്ടറുടെ 12-6-2006-ലെ സി4-28196/06/കെ.ഡിസ് ഉത്തരവ് പ്രകാരം നിലം ഉടമയായ കെ.പി. വിജയന് 2 ഹെക്ടർ 13 ആർ 61 ച.മീ. നികത്തുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളതും ടിയാൻ ടി നിലം നികത്തിയിട്ടുള്ളതുമാണ്. 2014-ൽ കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിന് പെരിങ്ങര പഞ്ചായത്തിൽനിന്നും നൽകിയ ബിൽഡിംഗ് പെർമിറ്റ് No.A2-328/2014 dated 28-1-2014 പ്രകാരം കെട്ടിടം

നിർമ്മിക്കുന്നതിനായി സർവ്വേ 167/3-1, 168/2, 168/3, 168/4, 168/5, 167/4, 169/1, 169/2, 169/3, 170/1 എന്നിവയിൽപ്പെട്ട കാവുംഭാഗം വില്ലേജിലെ ശ്രീ. കെ. പി. വിജയന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ താഴ്ന്ന കിടക്കുന്ന ഭാഗം റോഡ് നിരപ്പിൽ ഉയർത്തുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി 15-2-2014-ൽ തിരുവല്ല RDO ഉത്തരവ് നൽകിയിട്ടുള്ളതും ടിയാൻ വ്യവസ്ഥകൾ ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ 3-3-2014-ൽ ടി ഉത്തരവ് പിൻവലിച്ചിട്ടുള്ളതും ഇതിനെതിരെ നിലമുടമ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 7037/14(D) നമ്പർ കോടതി വിധി പ്രകാരം RDO നൽകിയ നിരോധന ഉത്തരവ് റദ്ദു ചെയ്യുകയും KLU ഉത്തരവ് പ്രകാരം പരാമർശ നിലം നികത്ത് ഭൂമി റോഡ് നിരപ്പിൽ ഉയർത്തുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 20-3-2014-ൽ വ്യവസ്ഥകൾക്ക് വിധേയമായി വീണ്ടും മണ്ണ് നിക്ഷേപിക്കുന്നത് RDO ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ നിലം ഉടമ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)9722/14-ൽ ഇനം മാറ്റത്തിനായി നൽകിയ അപേക്ഷ കോടതിയുടെ പരിഗണനയിലാണ്.

(ബി) ഇല്ല. അന്വേഷണം നടന്നുവരുന്നു.

(സി) 21-4-2014-ൽ അന്വേഷണം ആരംഭിച്ചു. അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണത്തിന്റെ ഭാഗമായി RDO ഓഫീസിൽനിന്നും ബന്ധപ്പെട്ട ഉത്തരവുകളും വില്ലേജ് ഓഫീസറേയും ഹിയറിംഗിന് വിളിച്ച് രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന കൂടി പൂർത്തിയാക്കി ഇക്കാര്യത്തിലുള്ള അന്വേഷണം പൂർത്തീകരിക്കുന്നതാണ്.

പെരുനാട് എ.വി.ടി. എസ്റ്റേറ്റ് മിച്ചഭൂമി

142 (1185) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുനാട് എ.വി.ടി. എസ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമാണ് ഉള്ളതെന്നും എത്ര ഏക്കർ ഭൂമിയുടെ കരമാണ് അവർ വില്ലേജിൽ ഒടുക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഈ എസ്റ്റേറ്റിൽ മിച്ചഭൂമി ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി എന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly